**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3462** **26-10-2021 - ൽ മറുപടിയ്ക്ക്**

**നെല്ല്, പച്ചക്കറി, പഴവർഗങ്ങൾ എന്നിവയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെല്ല്, പച്ചക്കറി, പഴവർഗങ്ങൾ എന്നിവയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | നെല്ലുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, നെൽകൃഷിയുടെ വികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികൾ, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. ആയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്ന തിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും, വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7445 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടു കൊണ്ട് നടപ്പാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-2 ആയും, ഫലവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്ന തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-3 ആയും ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | കർഷകർ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് കൃഷിവകുപ്പ് ചെയ്യുന്നതെന്ന് വിശദമാക്കാമോ; | (ബി) | കർഷകർ ഉൽപാദിപ്പിച്ച പഴവർഗ്ഗങ്ങളുടെ സംഭരണം, വിപണനം എന്നിവയ്ക്കും കർഷകർ ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കുന്നതിനും ഉണഭോക്താക്കൾക്ക് ഉത്പന്നങ്ങൾ ന്യായ വിലയ്ക്ക് ലഭിക്കുന്നതിനും 2021ൽ സംസ്ഥാനത്തെ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിലായി 2000 ഓണ വിപണികൾ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലും കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ വിപണികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, ഹോർട്ടികോർപ്പിന്റെ ഉടമസ്ഥതയിലുള്ളതും ഫ്രാഞ്ചൈസികളുമായ റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ, ഉത്സവകാല വിപണികൾക്കായി പ്രത്യേകമായുള്ള ഔട്ട് ലെറ്റുകൾ, വി.എഫ്.പി.സി.കെ ഔട്ട്ലെറ്റുകൾ എന്നിവ മുഖേന ഉത്സവകാല പഴം, പച്ചക്കറി വിപണികൾ പ്രവർത്തിപ്പിച്ചു. കൃഷി വകുപ്പ് 1350 എണ്ണം, ഹോർട്ടികോർപ്പ് 500 എണ്ണം, വി.എഫ്.പി.സി.കെ. 150 എണ്ണം എന്ന ക്രമത്തിൽ വിപണികൾ സംഘടിപ്പിച്ചു. കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുക, വിപണികളിലെ വിലക്കയറ്റം നിയന്ത്രിക്കുക, ഉണഭോക്താക്കൾക്ക് ന്യായവില ലഭ്യമാക്കുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ് ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നു. ഇതിൽ 250 വിപണികൾ PACS ന്റെയും, 300 വിപണികൾ കൃഷി വകുപ്പിന്റേതുമാണ്. ഇതുവരെ 62466 കർഷകർ AIMS പോർട്ടലിൽ |

രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയുണ്ടായി. 2021-22 വർഷത്തിൽ 4215 കർഷകർക്ക് 3.29 കോടി രൂപ നൽകിയിട്ടുണ്ട്. കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ-ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോ- ഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ട് വിപണനം നടത്തി വരുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള മാർക്കറ്റുകളുടെയും, കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന മാർക്കറ്റുകളുടെയും വിവരം അനുബന്ധം-4 ആയി ചേർക്കുന്നു. കൂടാതെ, സുഭിക്ഷ കേരളത്തിന്റെ ഭാഗമായി 562 പുതിയ ആഴ്ചച്ചന്തകൾ വഴിയും, മുഖ്യമന്ത്രിയുടെ നൂറു ദിന പരിപാടിയുടെ ഭാഗമായി തുടങ്ങിയ 100 നഗര വഴിയോര ചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂക്ഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായ വിലക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു. കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിനുമായി കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സംഭരണ സംസ്കരണ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നു. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയ്ക്കും സർക്കാർ സഹായം നൽകുന്നു. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ ഏർപ്പെടുത്തുന്ന തിനുള്ള നടപടികളും പരിഗണനയിലാണ്. കൃഷി വകുപ്പിന്റെ പൊതു മേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് വഴി നേരിട്ടും കർഷക സംഘങ്ങൾ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ, സ്വാശ്രയ കർഷക സംഘങ്ങൾ, കൃഷി വകുപ്പിന്റെ കീഴിലുള്ള മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്ന്

| | | | |
|---|---|---|---|
| | | | പച്ചക്കറികൾ സംഭരിച്ച് സംസ്ഥാനത്തുടനീളമുള്ള 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും, 6 ഉപസംഭരണ കേന്ദ്രങ്ങളുടെയും കീഴിൽ പ്രവർത്തിക്കുന്ന 126-ഓളം സ്വന്തം സ്റ്റാളുകൾ, 278-ഓളം ഫ്രൈഞ്ചൈസി സ്റ്റാളുകൾ എന്നിവ മുഖാന്തിരം വിപണനം നടത്തുന്നു. |
| (സി) | കാഞ്ഞങ്ങാട് ഹോർട്ടികോർപ്പ് സ്റ്റാൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കാസർഗോഡ് ജില്ലയിൽ ഹോർട്ടികോർപ്പിന്റെ പ്രവർത്തനം ശക്തമാക്കുന്നതിനും കർഷകരുടെ ഉല്പന്നങ്ങൾ കാര്യക്ഷമമായി സംഭരിച്ച് വിപണനം നടത്തുന്നതിനുമായി കാസർഗോഡ് ജില്ലയിൽ ഹോർട്ടിക്കോർപ്പിന്റെ സംഭരണ കേന്ദ്രവും ഹരിതാ സ്റ്റാളും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**2021-22 വർഷത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ പദ്ധതി ഘടകങ്ങളുടെ വിവരം:**

2021-22 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി 2500 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി വരുന്നു. അപ്രകാരം 10000 ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തിരം സംഭരിച്ച് വിതരണം ചെയ്യുവാനും ലക്ഷ്യമിടുന്നു. 2021-22 വർഷത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനാവിഷ്കൃത **നെൽകൃഷി വികസന പദ്ധതി** പ്രകാരം നടപ്പിലാക്കുന്ന വിവിധ പദ്ധതി ഘടകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

**A . സുസ്ഥിര നെൽകൃഷി വികസന പദ്ധതി :** സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിനായി 8584.83734 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**B . നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്-** സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന ഏജൻസികൾക്ക് അവരുടെ പ്രവർത്തന ചെലവുകൾക്കും പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്കും തുക അനുവദിക്കുന്നതിന് നെൽകൃഷി വികസന പദ്ധതിയിൽ 68.16266 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**C . പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം -** പദ്ധതി പ്രകാരം പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 500 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**D . പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-** പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 83334 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് സഹായധനം നൽകുന്നതിന് വേണ്ടി 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

**E . കരനെൽകൃഷി വികസനം-** കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600/- രൂപ നിരക്കിൽ 404.41 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**F . തരിശുനില കൃഷി -**തരിശ് നെൽകൃഷിക്കായി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഒന്നാം വർഷം ഹെക്ടറൊന്നിനു ആകെ 40,000/- രൂപ (35,000/- രൂപ കർഷകനും, 5,000/- രൂപ ഭൂവുടമകൾക്കും)സഹായധനമായി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ ഘടക പദ്ധതിയായ തരിശ് നെൽകൃഷിക്ക് വേണ്ടി 300 ലക്ഷം രൂപ 750 ഹെക്ടറിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി നീക്കി വെച്ചിട്ടുണ്ട്.

**G . ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി -** ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ 500 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**H . നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി** – നെൽവയലുകൾ അതേപടി നിലനിർത്തുന്നതിനും തരം മാറ്റുന്നത് തടയുന്നതിനും നെൽകൃഷിയുടെ പ്രോത്സാഹനത്തിനുമായി നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ 1500 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

**I . പരമ്പരാഗത നെൽകൃഷി മേഖലകളിലെ നെൽകൃഷിക്ക് പ്രത്യേക ധനസഹായം** – പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കയ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പദ്ധതിയധിഷ്ഠിതമായുള്ള നെൽകൃഷി വികസന പ്രവർത്തനങ്ങൾക്ക് 136 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**J . ഓപ്പറേഷൻ കോൾ ഡബിൾ :** കോൾ മേഖലയിലെ പ്രോജക്ടാധിഷ്ഠിതമായുള്ള നെൽകൃഷി വികസനത്തിന് 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം 2021-22 വർഷം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **ഇനം** | **തുക (ലക്ഷം രൂപ)** |
|---|---|---|
| 1 | പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കുന്നതിന് | 35 |
| 2 | ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി | 15 |
| 3 | 1000 ഹെക്ടറിൽ ഇരുപ്പൂ നെൽകൃഷി ചെയ്യുന്നതിന് (ഹെക്ടറിന് 10000 രൂപ പ്രകാരം) ആനുകൂല്യം | 100 |
| 4 | ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ ചോളം/എണ്ണക്കുരു വിളകൾ 400 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10000 രൂപ പ്രകാരം ആനുകൂല്യം | 40 |
| 5 | വൈദ്യുതി കണക്ഷൻ / ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് | 5 |
| 6 | നിർവ്വഹണച്ചെലവ് | 5 |
| | **ആകെ** | **200** |

**K . പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളിലെ അടിയന്തിര അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം :** പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളോടനുബന്ധിച്ച കനാലുകളിലെ തടസ്സങ്ങൾ നീക്കൽ, പമ്പ് സെറ്റിന്റെയും മറ്റ് മെഷിനറികളുടെയും റിപ്പയർ മുതലായ അടിയന്തിര പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.

**L . പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം റൈസ് മിൽ സ്ഥാപിക്കൽ ബ്ലോക്ക് ലെവൽ കൺവെർജെൻസ് :** പാടശേഖരസമിതികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് 70 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 5 ലക്ഷം വരെയുള്ള പ്രവൃത്തികൾ ജില്ലാ തലത്തിലുള്ള സമിതിയും അഞ്ചു ലക്ഷത്തിലധികമായ പ്രവൃത്തികൾക്ക് ജില്ലാതല സമിതിയുടെ ശുപാർശയോടെ സംസ്ഥാനതല സമിതിയുമാണ് അംഗീകാരം നൽകുന്നത്.

**2 . മറ്റ് പദ്ധതികൾ**

- മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5400 രൂപ നൽകുന്നു. ഇതിനായി 3050 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

- നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസ് ആയി ഓരോ സീസണിലെ നെൽകൃഷിക്കും ഹെക്ടറിന് 1000 രൂപ നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

- നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ച് വരുന്നു.

### 3 . കേന്ദ്രാവിഷ്കൃത പദ്ധതികൾ

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിപ്രകാരം പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷികയന്ത്രോപകരണങ്ങൾ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത്. 2021-22 വർഷത്തിൽ 88.00 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ **Productivity Improvement of Paddy in Kerala** എന്ന ഘടകത്തിൽ അത്യുല്പാദനശേഷിയുള്ള നെൽ വിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മമൂലക വളങ്ങളുടെയും ഉപയോഗത്തിനും, സംയോജിത കീട നിയന്ത്രണത്തിനും, കാർഷിക യന്ത്രവൽകരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടറൊന്നിന് 4500/- രൂപ ധനസഹായം നൽകുന്നതിനും നെല്ലിന്റെ മൂല്യ വർദ്ധനവിനായി മിനി റൈസ് മിൽ സ്ഥാപിക്കുന്നതിനും സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനും ആയി 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4100 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

### 4 . ജനകീയാസൂത്രണം :

ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽ കൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 22000 രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നുണ്ട്.

### 5 . പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്ന സാഹചര്യത്തിൽ നൽകുന്ന സഹായം

പ്രകൃതിക്ഷോഭം മൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 13500 രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഹെക്ടറിന് 15000 രൂപയും 45 ദിവസത്തിനു ശേഷമുള്ള വിളയ്ക്ക് ഹെക്ടറിന് 35000 രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്.

കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന **കിലോയ്ക്ക് 28.72 രൂപ** നിരക്കിൽ സംഭരിക്കുന്നു.

# സമഗ്ര പച്ചക്കറി വികസന പദ്ധതി സംബന്ധിച്ച വിവരം

**ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം**

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ 80 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള 272.16 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി:**

സംസ്ഥാനത്ത് **സ്കൂളുകളിൽ** പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം **സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി** എന്ന മുഖ്യ ഘടകം നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ തിരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4,000 രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകി വരുന്നു. കൂടാതെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നുമുണ്ട്. **സർക്കാർ/സർക്കാരിത/സ്വകാര്യ സ്ഥാപനങ്ങളിൽ** പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയ്ക്ക് ധനസഹായം നൽകി വരുന്നു.

**ജില്ലാ ക്ലസ്റ്റർ വികസനം:**

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് കുറഞ്ഞത് 5 ഹെക്ടർ വരെയും പരമാവധി 7 ഹെക്ടർ വരെയും പച്ചക്കറി കൃഷി നടപ്പിലാക്കുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 – 1.25 ലക്ഷം രൂപ വീതം ധനസഹായം നൽകികൊണ്ടുള്ള പദ്ധതിയാണ്. പമ്പ്സെറ്റും മറ്റ് അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10,000/- രൂപ വരെയും, സസ്യസംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1,500/- രൂപ വരെയും സബ്സിഡി നൽകി വരുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക്ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതും, പന്തൽ ആവശ്യമില്ലാത്തതുമായ ഇനങ്ങളുടെ അടിസ്ഥാനത്തിൽ 20,000/- മുതൽ 25,000/- രൂപ വരെ നിരക്കിൽ ധനസഹായം നൽകുന്നു. ഇതുകൂടാതെ പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം, വിതരണം, പ്രചരണം എന്നിവയ്ക്കും ഈ പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകി വരുന്നു. കൂടാതെ ദീർഘകാല പച്ചക്കറി വിളകളായ ശീമച്ചക്ക, മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനും, ഇടുക്കി ജില്ലയിൽ ശീതകാല പച്ചക്കറി കൃഷി ചെയ്യുന്നതിനും ധനസഹായം നൽകി വരുന്നു. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 2725 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ഗ്രേഡഡ്ക്ലസ്റ്ററുകളുടെ വികസനം:**

പുതിയ 'എ' ഗ്രേഡ്ക്ലസ്റ്ററുകളുടെ രൂപീകരണത്തിനായി ക്ലസ്റ്ററൊന്നിന് 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

**കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം:**

എ-ഗ്രേഡ് ക്ലസ്റ്ററുകളുടെ ഗ്രേഡിങ്ങിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ബെസ്റ്റ് പെർഫോർമിംഗ് എ-ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 5 ലക്ഷം രൂപ നിരക്കിൽ അധിക ധനസഹായം നൽകി വരുന്നു. ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും**

മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ കർഷകർക്കു നൽകുന്നു.25 ഗ്രോബാഗുകൾ അടങ്ങിയ 2000/- രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500/- രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 56,333 യൂണിറ്റ് ഗ്രോബാഗ് കർഷകർക്ക് നൽകുവാനായി 845 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം**

നഗര പ്രദേശങ്ങളിൽ പ്രവർത്തിച്ചു വരുന്ന 3 മുതൽ 5 വരെയുള്ള റെസിഡന്റ്സ് അസോസിയേഷനുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഹരിത ഗ്രൂപ്പ് രൂപീകരിക്കുന്നു. ഹരിത ഗ്രൂപ്പുകളുടെ രജിസ്ട്രേഷനും മറ്റു അനുബന്ധ ചെലവുകൾക്കുമായി ഒരു ഗ്രൂപ്പിന് 50,000/- രൂപ ധനസഹായം നൽകി വരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**നഴ്സറികൾ സ്ഥാപിക്കൽ:**

ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നഴ്സറി സ്ഥാപിക്കുന്നതിന് 1000/- രൂപ ഒരു സ്ക്വയർ മീറ്റർ എന്ന കണക്കിൽ ധനസഹായം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ**

ചെലവ് കുറഞ്ഞ രീതിയിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് ജലസേചനം ഉറപ്പുവരുത്തുന്നതിനായി ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം എന്ന ഘടകം നടപ്പിലാക്കി വരുന്നു. 75% സബ്സിഡിയോട് കൂടി പരമാവധി ഒരു യൂണിറ്റിന് 7,500/- രൂപ ധനസഹായം നൽകി വരുന്നു. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 18.75 ലക്ഷം രൂപ മാറ്റി വച്ചിട്ടുണ്ട്.

**മഴമറ നിർമ്മാണം:**

വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനായി നൂതന രീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഘടകത്തിനായി 505 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**സേഫ്-ടു-ഈറ്റ്**

കാർഷിക സർവ്വകലാശാല വഴി പച്ചക്കറികളിലെ കീടനാശിനികളുടെ അംശം പരിശോധിക്കുന്നതിനു വേണ്ടി ധനസഹായം നൽകി വരുന്നു. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികളുടേയും അവശിഷ്ടവിഷാംശം കണ്ടെത്തുന്നതിനായി ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പരിശോധന നടത്തുകയും പരിശോധന ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സുഭിക്ഷ കേരളം പദ്ധതി**

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 വർഷത്തിൽ 500 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. തരിശു നില കൃഷി, മഴമറ കൃഷി, പമ്പ് സെറ്റ്, സസ്യസംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണം എന്നി ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## വി.എഫ്.പി.സി.കെ. മുഖേനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി

- കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് കയറ്റുമതി മൂല്യമുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, GAP/PGS മാനദണ്ഡങ്ങളനുസരിച്ചുള്ള കൃഷി എന്നിവ 500 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് പന്തൽ പച്ചക്കറി കൃഷിയ്ക്ക് 25,000/ഹെക്ടർ, പന്തൽ ഇതര പച്ചക്കറി വിളകൾക്ക് 20,000/ഹെക്ടർ, ശീതകാല പച്ചക്കറി കൃഷിയ്ക്ക് 30,000/ഹെക്ടർ എന്ന തോതിൽ ധനസഹായം ലഭ്യമാക്കുന്നു.
- കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് താത്പര്യമുള്ള കർഷകരെ ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പ് (Farmer interest Group) അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനുള്ള സഹായം.
- മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പഴം-പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് 2941 കർഷകർക്ക് മണ്ണ് പരിശോധന നടത്തി വള പ്രയോഗ നിർദ്ദേശികകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിന് പദ്ധതി.
- പന്തൽ വിളകൾക്ക് പടർന്ന് കയറുന്നതിന് ആവശ്യമായ താങ്ങ് നൽകുന്നതിന് 80 ഹെക്ടർ സ്ഥലത്ത് പെർമനന്റ്/സെമി പെർമനന്റ് പന്തൽ നിർമ്മിക്കുന്നതിന് പദ്ധതി.
- വന്യമൃഗങ്ങളിൽ നിന്നും കൃഷിയിടങ്ങളെ സംരക്ഷിക്കുന്നതിന് സോളാർ വേലി നിർമ്മിക്കുന്നതിന് 50 ഹെക്ടറിലേയ്ക്ക് പദ്ധതി സഹായം.
- പച്ചക്കറി ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് 70 ലക്ഷം പച്ചക്കറി തൈകൾ ഉൽപാദിപ്പിക്കുന്നതിനും 7 ലക്ഷത്തോളം പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.
- കർഷകർക്ക് ആവശ്യമായ പമ്പ് സെറ്റ്, സ്പ്രേയർ, വീൽബാരോ മറ്റ് കൃഷിയ്ക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതി സഹായം.
- കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന് 25 ഹെക്ടറിൽ കൃത്യതാ കൃഷിയ്ക്ക് പദ്ധതി സഹായം.
- ലളിതവും സുതാര്യവുമായ വ്യവസ്ഥയിൽ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ബാങ്കിൽ നിന്നും വായ്പ സഹായം ലഭ്യമാക്കുന്നതിനും കൃത്യമായി പുതുക്കുന്നവർക്ക് 2% പലിശ സബ്സിഡി ലഭ്യമാക്കുന്നതിനുമായി 105 ലക്ഷം രൂപയുടെ പദ്ധതി.
- കർഷകർക്ക് സാമൂഹിക സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ലഭ്യമാക്കുന്നതിനുള്ള സഹായം.
- പുതിയ സാങ്കേതി വിദ്യകൾ, പുത്തൻ വിളകൾ, വിളയിനങ്ങൾ തുടങ്ങിയവ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് പങ്കാളിത്ത ഗവേഷണ പദ്ധതികൾ, പ്രദർശന തോട്ടങ്ങൾ, തീവ്രയത്ന പരിപാടികൾ, പരിശീലനങ്ങൾ, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം.
- കാലാവസ്ഥാധിഷ്ഠിത വിള പരിപാലന നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നു.

**പച്ചക്കറി നടീൽ വസ്തുക്കൾ ഉൽപാദന പദ്ധതി**

പാലക്കാട് ജില്ലയിലെ ആലത്തൂരിൽ വി.എഫ്.പി.സി.കെ.യുടെ കീഴിൽ ഒരു സീഡ് പ്രോസ്സസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചു വരുന്നു. കൗൺസിലിന് കീഴിൽ വിത്തുൽപ്പാദനത്തിൽ പരിശീലനം സിദ്ധിച്ച 189 കർഷകർ ഉൾപ്പെടുന്ന വിത്തുൽപാദക സംഘമാണ് വിത്ത് ഉൽപ്പാദിപ്പിക്കുന്നത്. 2021-22 സാമ്പത്തിക വർഷം 120 മെട്രിക് ടൺ ഗുണമേന്മയുള്ള വിത്തുൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് പദ്ധതിയുണ്ട്. കൃഷി വകുപ്പിന്റെ 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയിലൂടെ 2021-22 ൽ 47,35,385 വിത്ത് പായ്ക്കറ്റുകൾ വാണിജ്യ വാണിജ്യേതര കർഷകർ തുടങ്ങിയവർക്ക് ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ മാധ്യമ പ്രസിദ്ധീകരണങ്ങൾ വഴിയും കർഷകർക്കും വീട്ടമ്മമാർക്കും പച്ചക്കറി വിത്ത് ലഭ്യമാക്കുന്നുണ്ട്. പച്ചക്കറി കൃഷിയ്ക്ക് നടീൽ വസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി വി.എഫ്.പി.സി.കെ. യുടെ കീഴിൽ മൂവാറ്റുപുഴ നടുക്കരയിൽ പ്രതിവർഷം 2 കോടി പച്ചക്കറി തൈ ഉൽപ്പാദനശേഷിയുള്ള ഒരു ഹൈടെക് പച്ചക്കറി തൈ ഉൽപാദന കേന്ദ്രം പ്രവർത്തിക്കുന്നു. ഇവിടെ നിന്നും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ ഗുണമേന്മയുള്ള പച്ചക്കറി തൈകൾ ലഭ്യമാക്കുന്നതാണ്.

**ഹരിതനഗരി പദ്ധതി**

നഗര പ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിൽ പ്രത്യേക പദ്ധതി പ്രകാരം പച്ചക്കറിതൈ നട്ട ഗ്രോബാഗുകൾ വീട്ടമ്മമാർക്ക് ലഭ്യമാക്കുന്നുണ്ട്.

**ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം**

ഇടുക്കി, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ 20 ഹെക്ടർ വീതമുള്ള 98 ക്ലസ്റ്ററുകളിലായി പി.കെ.വി.വൈ പദ്ധതി പ്രകാരമുള്ള ജൈവ പഴം-പച്ചക്കറി കൃഷി കൗൺസിൽ നടപ്പിലാക്കി വരുന്നു. കർഷകർക്ക് ജൈവകൃഷിയിൽ പരിശീലനം, ഉല്പാദനോപാധികൾ ലഭ്യമാക്കുന്നതിനുള്ള ധനസഹായം, കൃഷിയിടത്തിൽ നിന്നും വിപണിയിലേയ്ക്ക് ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി തുടങ്ങിയവ ഈ പദ്ധതി പ്രകാരം ലഭ്യമാക്കുന്നു. ഇതിനു പുറമേ, 2021-22 ൽ **ജൈവപച്ചക്കറി കൃഷി/ഉത്തമ കൃഷി മുറ പ്രോത്സാഹനവും സർട്ടിഫിക്കേഷനും എന്ന പദ്ധതി** പ്രകാരം ചുവടെ പറയുന്ന സഹായങ്ങളും ലഭ്യമാക്കുന്നതാണ്.

- മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പഴം-പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് മണ്ണ് പരിശോധന നടത്തി വള പ്രയോഗ നിർദ്ദേശികകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിന് പദ്ധതി.
- മണ്ണിന്റെ ഫലഭൂയിഷ്ഠിത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പച്ചിലവള ചെടികൾ, ജീവാണുവളം, ഫോസ്ഫേറ്റ് ജൈവവളം (PROM) എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി സഹായം.
- സംയോജിത കീട നിയന്ത്രണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബയോകൺട്രോൾ ഏജന്റുകൾ, ഫിറമോൺ കെണികൾ എന്നിവ ഉൽപാദിപ്പിച്ച്, ഇവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം.
- 7 മാതൃകാ ജൈവ കൃഷി പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുന്നതിന് പദ്ധതി സഹായം.
- പരമ്പരാഗത/നാടൻ പച്ചക്കറി വിത്തിനങ്ങളുടെ ഉൽപാദനത്തിനും വിതരണത്തിനും പദ്ധതി സഹായം.
- ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിലിന്റെ എക്കോഷോപ്പ് ഔട്ട്ലെറ്റുകൾ മുഖേന വിപണനം ചെയ്യുന്ന ജൈവ ഉൽപ്പന്നങ്ങൾക്ക് 2.5 രൂപ/കിലോ എന്ന നിരക്കിൽ 500 മെട്രിക് ടൺ ഉൽപ്പന്നങ്ങൾക്ക് വിപണന സഹായം.

**സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ** മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ **മിഷൻ ഫോർ ഇന്റഗ്രേയ്റ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി** യിൽ ഉൾപ്പെടുത്തി പച്ചക്കറികളുടെ വിളവിസ്തൃതി വ്യാപനം നടപ്പിലാക്കുന്നു. എം.ഐ.ഡി.എച്ചിന്റെ 2021-22 ലെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി കൃഷിക്ക് നൽകുന്ന ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| പദ്ധതി | ഭൗതിക ലക്ഷ്യം (ഹെക്ടർ) | സാമ്പത്തിക ലക്ഷ്യം (ലക്ഷം) | റിമാർക്സ് |
|---|---|---|---|
| ഹൈബ്രീഡ് പച്ചക്കറി കൃഷി | 1000 | 200.00 | ഹെക്ടർ ഒന്നിന് 20,000/- രൂപ ധനസഹായം |
| പച്ചക്കറി വിത്തുൽപ്പാദനം | 30 | 10.5 | ഹെക്ടറൊന്നിന് 35,000/- രൂപ ധനസഹായം (പൊതുമേഖലയിൽ) |

# ഫലവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം

**ഫലവർഗ്ഗങ്ങളുടെ വിസ്തൃതി വ്യാപനം എന്ന പദ്ധതി**യിൽ **സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ** മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ **മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി** യിൽ ഉൾപ്പെടുത്തി 2621.5 ഹെക്ടറിൽ ഫലവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിന് 614.26 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഫലവർഗ്ഗങ്ങളായ ഡ്രാഗൺ ഫ്രൂട്ട്, മാങ്ങ, സ്ട്രോബറി, വാഴ, കൈതചക്ക, ടിഷ്യൂകൾച്ചർ വാഴ, പപ്പായ, ചക്ക, ഫാഷൻ ഫ്രൂട്ട്, അവക്കാഡോ, റമ്പൂട്ടാൻ, മാംഗോസ്റ്റീൻ, കുടംപുളി, ഞാവൽ, സീതാപഴം എന്നിവ കൃഷി ചെയ്യുന്നതിനാണ് ആനുകൂല്യം നൽകുന്നത്. പ്രസ്തുത ധനസഹായം നടീൽ വസ്തുക്കൾ വാങ്ങുന്നതിനും സംയോജിത വളപ്രയോഗത്തിനും സംയോജിത രോഗകീട നിയന്ത്രണ മാർഗങ്ങൾ അവലംബിക്കുന്നതിനും വിനിയോഗിക്കാവുന്നതാണ്. ആയതിന്റെ വിശദാംങ്ങൾ ചുവടെ ചേർക്കുന്നു.

| വിള | ഭൗതിക ലക്ഷ്യം (ഹെക്ടർ) | സാമ്പത്തിക ലക്ഷ്യം (ലക്ഷം) | റിമാർക്സ് |
|---|---|---|---|
| **ഉല്പാദന ചെലവ് കൂടിയ ഫലവർഗങ്ങൾ** | | | |
| ഡ്രാഗൺ ഫ്രൂട്ട് | 250 | 75 | 50,000 രൂപ 60:20:20 എന്ന അനുപാതത്തിൽ 3 വർഷങ്ങളിലായി നൽകുന്നു. |
| സ്ട്രോബറി | 70 | 35 | 50,000 രൂപ ഒറ്റഗഡു നൽകുന്നു |
| വാഴ | 520 | 136.5 | 35,000 രൂപ 75.25 എന്ന അനുപാതത്തിൽ രണ്ട് ഗഡുക്കളായി നൽകുന്നു |
| കൈതചക്ക | 300 | 78.75 | 35,000 രൂപ 75:25 എന്ന അനുപാതത്തിൽ രണ്ട് ഗഡുക്കളായി നൽകുന്നു |
| ടിഷ്യൂകൾച്ചർ വാഴ | 80 | 30 | 50,000 രൂപ 75:25 എന്ന അനുപാതത്തിൽ രണ്ട് ഗഡുക്കളായി നൽകുന്നു |
| പപ്പായ (സൂക്ഷ്മ ജലസേചനത്തോടു കൂടിയത്) | 7 | 4.2 | 80,000 രൂപ 75:25 എന്ന അനുപാതത്തിൽ രണ്ട് ഗഡുക്കളായി നൽകുന്നു |
| പപ്പായ (സൂക്ഷ്മ ജലസേചനമില്ലാത്തത്) | 84.5 | 19.01 | 30,000 രൂപ 75:25 എന്ന അനുപാതത്തിൽ രണ്ട് ഗഡുക്കളായി നൽകുന്നു |
| **ഉല്പാദന ചെലവ് കൂടുതലല്ലാത്ത ഫലവർഗ്ഗങ്ങൾ** | | | |
| മാങ്ങ | 60 | 10.8 | 30,000 രൂപ 60:20:20 എന്ന |

| | | | |
|---|---|---|---|
| | | | അനുപാതത്തിൽ മൂന്ന് വർഷങ്ങളിലായി നൽകുന്നു |
| ചക്ക | 500 | 90.00 | |
| അവക്കാഡോ | 40 | 7.2 | |
| റമ്പൂട്ടാൻ | 200 | 36.00 | |
| പാഷൻ ഫ്രൂട്ട് | 300 | 54.00 | |
| മാംഗോസ്റ്റീൻ | 60 | 10.8 | |
| സീതാപഴം | 50 | 9.00 | |
| കുടംപുളി | 50 | 9.00 | |
| ഞാവൽ | 50 | 9.00 | |

പഴവർഗ വിളകളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കൃഷി വകുപ്പ് **ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ് 2021-22** എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷത്തിൽ **2190 ലക്ഷം രൂപ** വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ ഒരു മുഖ്യ ഘടകമാണ് ഒരു കോടി ഫലവൃക്ഷതൈ വിതരണം പദ്ധതി. വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും ഒരു കോടി ഫലവൃക്ഷതൈ വിതരണം പദ്ധതി നടത്തിപ്പിനായി 1102 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്ത് നിന്ന് കൊണ്ട് വന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങളുമായ പ്ലാവ്, മാവ്, മാതളം, പാഷൻ ഫ്രൂട്ട്, ചാമ്പ ഇനങ്ങൾ സപ്പോട്ട, അവക്കാഡോ, ഓറഞ്ച്, പേരക്ക, നാരക ഇനങ്ങൾ, മുരിങ്ങ, കറിവേപ്പ്, കൊടംപുളി, റമ്പൂട്ടാൻ, മാഗോസ്റ്റീൻ, പപ്പായ, വാഴ ഇനങ്ങൾ, ചതുരപ്പുളി, ഡ്രാഗൺ ഫ്രൂട്ട്, ലിച്ചി, പാൽപ്പഴം, മിറക്കിൾ ഫ്രൂട്ട്, മുള്ളാത്ത, വെസ്റ്റ് ഇന്ത്യൻ ചെറി, വുഡ് ആപ്പിൾ, ഇലുമ്പൻ പുളി, സീതപ്പഴം (അനോന), ബറാബ, കസ്റ്റേഡ് ആപ്പിൾ (ആത്ത), നെല്ലി തുടങ്ങിയ 30 ഇനം ഫലവൃക്ഷങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, പൊതുസ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനുമായി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഫാമുകളും മറ്റ് ഏജൻസി/വകുപ്പുകളായ കേരള കാർഷിക സർവകലാശാല, വി.എഫ്.പി.സി.കെ., കുടുംബശ്രീ, എം.ജി.എൻ.ആർ.ജി.എസ്, കാർഷിക കർമ്മസേന/അഗ്രോ സർവീസ് സെന്റർ എന്നിവ മുഖേന ഉല്പാദിപ്പിക്കുന്ന ഫലവൃക്ഷ തൈകളാണ് വിതരണം ചെയ്യുന്നത്. പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂ കൾച്ചർ വാഴ, വാഴക്കന്ന്, ഫലവൃക്ഷതൈകൾ തുടങ്ങിയവയാണ് വിതരണം നടത്തുന്നത്. ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂ കൾച്ചർ വാഴ എന്നിവ 75% സബ് സിഡിയോടു കൂടിയും (25% ഗുണഭോക്തൃ വിഹിതം), തൈകൾ സൗജന്യവുമായാണ് കർഷകർക്ക് നൽകുന്നത്.

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, എം.ഐ.ഡി.എച്ച് മുഖേന നടപ്പിലാക്കി വരുന്ന **ഫലവർഗ വിളകളുടെ വികസന പദ്ധതി**ക്കായി കേന്ദ്രവിഹിതം പരിമിതമായതിനാലും കൂടുതൽ കർഷകരെ ഫലവർഗ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായും 670 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടിഷ്യൂകൾച്ചർ വാഴ കൃഷിയ്ക്ക് ഹെക്ടറൊന്നിന് 37,500/-രൂപയും സ്ട്രോബറി കൃഷിയ്ക്ക് ഹെക്ടറൊന്നിന് 43,750/- രൂപയും, വാഴകൃഷിയ്ക്ക് ഹെക്ടറൊന്നിന് 7,572/- രൂപയുമാണ് ധനസഹായം നൽകുന്നത്.

ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേകമായി 1437 ഹെക്ടർ സ്ഥലത്ത് ഫലവർഗ കൃഷി വ്യാപിപ്പിക്കുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ടിഷ്യുകൾച്ചർ വാഴ/വാഴക്കന്ന്, പൈനാപ്പിൾ, വിദേശ ഇനങ്ങളായ റംബൂട്ടാൻ, അവക്കാഡോ, മാഗോസ്റ്റീൻ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുള്ളിനനയോടു കൂടിയുള്ള ടിഷ്യുകൾച്ചർ വാഴ കൃഷിയ്ക്കായി ഹെക്ടറൊന്നിന് 1.20 ലക്ഷം രൂപ എന്ന നിരക്കിൽ 25 ഹെക്ടറും, പൈനാപ്പിൾ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 35,000/- എന്ന നിരക്കിൽ 200 ഹെക്ടറും വിദേശ ഇനങ്ങളിൽപ്പെട്ട റംമ്പൂട്ടാൻ, മാംഗോസ്റ്റിൻ, അവക്കാഡോ, ലിച്ചി, പാഷൻ ഫ്രൂട്ട് തുടങ്ങിയവ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 3,000/- രൂപ നിരക്കിൽ 417.75 ഹെക്ടർ സ്ഥലത്തും കൃഷി നടപ്പിലാക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്നു.

**സുഭിക്ഷ കേരളം പദ്ധതി**യിൽ ഉൾപ്പെടുത്തി വിദേശ ഇനങ്ങളായ റംബൂട്ടാൻ, അവക്കാഡോ, മാഗോസ്റ്റീൻ തുടങ്ങിയവ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 30,000/- രൂപ കർഷകർക്ക് ധനസഹായമായി നൽകി വരുന്നു. 333.33 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## വി.എഫ്.പി.സി.കെ മുഖേന നടപ്പിലാക്കുന്ന പദ്ധതി

കേരളത്തിന്റെ ഔദ്യോഗിക ഫലമായ ചക്കയുടെ സംഭരണം വിപണനം മൂല്യവർദ്ധനം എന്നിവ നടപ്പിലാക്കുന്നതിന് കൗൺസിൽ പദ്ധതിയിടുന്നു. ഇതിലേയ്ക്കായി 2021-22 വർഷത്തിൽ **ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ്, ഫ്ലവേഴ്സ് ആന്റ് മെഡിസിനൽ പ്ലാന്റ്സ്** എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കലയന്താനിയിലും വയനാട് ജില്ലയിലെ മുട്ടിലിലും ചക്ക വിപണന കേന്ദ്രം ആരംഭിക്കുന്നതിനും, ഇതിന്റെ വിപണനശൃംഖല കൂടുതൽ വിപുലീകരിക്കുന്നതിനും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വിപണി കണ്ടെത്തുന്നതിനും ലക്ഷ്യമിടുന്നു. ചക്ക സംഭരണത്തിൽ കിലോയ്ക്ക് 5 രൂപ എന്ന നിരക്കിൽ കർഷകർക്ക് സഹായം നൽകുന്നതിനും ചക്കയുടെ മൂല്യവർദ്ധനത്തിനായി കർഷകർക്ക് പരിശീലനങ്ങൾ നൽകുന്നതിനും, ഇടുക്കി ജില്ലയിൽ ആരംഭിച്ച ചക്ക മൂല്യവർദ്ധന യൂണിറ്റിനും വയനാട് ജില്ലയിൽ ചക്ക മൂല്യവർദ്ധന യൂണിറ്റ് ആരംഭിക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി സഹായം ഈ പദ്ധതിയിലൂടെ നൽകുന്നു.

## കൃഷി വകുപ്പിന്റെ കീഴിലുള്ള 300 മാർക്കറ്റുകൾ

| | |
|---|---|
| വി.എഫ്.പി.സി.കെ | 250 |
| ഹോർട്ടികോർപ് | 18 |
| ഇക്കോഷോപ്പുകൾ | 12 |
| എ ഗ്രേഡ് ക്ലസ്റ്ററുകൾ | 14 |
| മൊത്തവ്യാപാര വിപണികൾ | 6 |
| **ആകെ** | **300** |

## സംസ്ഥാന കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന 1884 മാർക്കറ്റുകൾ

| | |
|---|---|
| എ-ഗ്രേഡ് ക്ലസ്റ്റർ | 256 |
| BLFO-ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്റർ | 37 |
| എക്കോ ഷോപ്സ് | 466 |
| വീക്കിലി മാർക്കറ്റുകൾ | 398 |
| VFPCK | 307 |
| ഹോർട്ടി കോർപ്പ് | 369 |
| മൊത്ത വ്യാപാര വിപണി | 6 |
| മറ്റുള്ളവ | 45 |
| **ആകെ** | **1884** |